പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1486

10-02-2020-ൽ മറുപടിക്ക്

## പ്രകൃതി ക്ഷോഭം മുഖേന കൃഷി നശിച്ച കർഷകർക്കുള്ള ബാങ്ക് വായ്പ

**ചോദ്യം**

ശ്രീ. വി.ജോയി

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ പ്രകൃതി ക്ഷോഭം മുഖേന കൃഷി നശിച്ച കർഷകർക്ക് ബാങ്ക് വായ്പ തിരിച്ചടവിന് ഇളവ് ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുമായി ലഭിച്ച അപേക്ഷകളിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ നല്കിയെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ വാണിജ്യ/ഷെഡ്യൂൾഡ് ബാങ്കുകളിൽ ലഭിച്ചിട്ടുള്ള അർഹമായ എല്ലാ അപേക്ഷകൾക്കും ബാങ്കുകൾ അർഹതപ്പെട്ട മോറട്ടോറിയം, വായ്പാ പുനക്രമീകരണം, അധിക വായ്പ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളതായി സംസ്ഥാനതല ബാങ്കേഴ്സ് സമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിൽ പ്രകൃതി ക്ഷോഭം മുഖേന കൃഷി നശിച്ച കർഷകർക്ക് ബാങ്ക് വായ്പ തിരിച്ചടവിന് ഇളവ് ലഭിക്കുന്നതിനുള്ള ആനുകൂല്യം ലഭിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ ലഭിച്ച 98 അപേക്ഷകളിലും വായ്പാ തിരിച്ചടവിന് ആനുകൂല്യം നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (ബി) | പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ച കർഷകരുടെ ലോണുകൾ പുനക്രമീകരിക്കാൻ ഉള്ള അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ ബാങ്കേഴ്സ് സമിതി യോഗങ്ങളിൽ നൽകിയിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളിൽ ലഭിക്കുന്ന അപേക്ഷകളിൽ നിയമാനുസൃതം സാദ്ധ്യമായ പരമാവധി ഇളവുകൾ അനുവദിച്ച് വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ